സെയിൽസ് ടാക്സ് അപ്പീലുകൾ.

* 1395. [21] ശ്രീ. ഇ. പി. ഇയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൻെറ പ്രത്യേക നിർദ്ദേശത്തിനുശേഷവും ചില സെയിൽസ് ടാക്സ് അപ്പീലുകൾ വിചാരണ നടത്താതെ ഇരിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ കാരണം എന്താണ് ;

(സി) വിചാരണ നടത്തിയ ചില അപ്പീൽ കേസ്സുകൾ part heard ആണെന്നുള്ള മുടന്തൻ ന്യായത്തിൽ കേസ്സുകൾ തീരുമാനം എടുക്കാതെ അസ്സസ്സീസിനെ മനഃപൂർവ്വം ഉപദ്രവിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിൻെറ കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ എത്ര ഉന്നതന്മാരായാലും മാതൃകാപരമായി ശിക്ഷിക്കുവാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) മുകളിൽ പറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) (സി).യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഇ. പി. ഇയ്യപ്പൻ : വളരെ വ്യക്തമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുതന്നാൽ ആ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കുവാൻ ഭയമുണ്ടാകുമോ എന്നാണ് ചോദ്യം. അതിനു് ഇല്ലെന്നാണ് മറുപടി.

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയുള്ള ഉദാഹരണങ്ങൾ ഗവണ്മെൻറിൻെറ മുമ്പിൽ ഇല്ലെന്നാണ് പറഞ്ഞതു്. വ്യക്തമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുതന്നാൽ വേണ്ട നടപടിയെടുക്കാം.

Wild Life Sanctuary.

* 1396. [23] †ശ്രീ. സി. കെ. നാരായണൻകുട്ടി: താഴെ കാണുന്ന ചോദ്യത്തിനു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലമ്പുഴയിൽ ഒരു wild life sanctuary ഉടനുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) : ഇല്ല.

റബ്ബർക്കൃഷി.

* 1397. [24] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വനവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം, കൊട്ടാരക്കര എന്നീ താലൂക്കുകളിൽ പുതുതായി റബ്ബർക്കൃഷി നടത്താൻ സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് നിവേദനങ്ങൾ കിട്ടിയോ ;

† As the member was absent the question was put by Shri T. C. Narayanan Nambiar with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly